ഉത്തരം

(എ) ഈ കാര്യത്തിന്റെ കൈമാറ്റ നടപടികളും പൂർത്തിയായിട്ടില്ല.

(ബി) കൈമാറ്റ നടപടി പൂർത്തിയായതിന്റെ ശേഷം ഈ പരിപാടി ആരംഭിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ: ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

ആർ. എസ്. എസ്. കാരുടെ അതിക്രമങ്ങളെ സംബന്ധിച്ച്

മി. സ്പീക്കർ: ഏപ്രിൽ 6-ാം തീയതി വൈകുന്നേരം ആർ. എസ്. എസ്. എസ്. കാർ മാരകായുധങ്ങളും ഉപയോഗിച്ചു നടത്തിയ ആക്രമണ
9-30 A.M.] ത്തിന്റെഫലമായി രണ്ടുപേർ കൊലചെയ്യപ്പെടുകയും 29 പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തതിനെത്തുടർന്ന് നിലവിലിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികളും നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂൾ 50 അനുസരിച്ച് ശ്രീ.പി.ആർ.കുറുപ്പ്, ശ്രീ.എം.വി. രാഘവൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ ശ്രീ. പിണറായി വിജയൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ മാസം ആറും ഏഴും തീയതികളിൽ കണ്ണൂർ ജില്ലയിൽപെട്ട തലശ്ശേരി, പാനൂർ, കൂത്തുപാമ്പ്, പൊക്കി, പയ്യന്നൂർ എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ വലിയ ഒരു സംഘർഷാവസ്ഥ സംജാതമാകുകയുണ്ടായി. ആ സംഘർഷാവസ്ഥ ആരംഭിച്ചത് ആർ. എസ്. എസ്സുകാർ കരുതിക്കൂട്ടി കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി പ്രവർത്തകരുടെമേൽ നടത്തിയ ആക്രമണത്തിന്റെ ഫലമായിട്ടാണ്. അതിനെത്തുടർന്ന് ഇരുകൂട്ടരും തമ്മിൽ പല സ്ഥലങ്ങളിലുംവച്ച് ഏറ്റുമുട്ടലുകളും ഉണ്ടാകുകയും നിരവധിപേർക്ക് പരിക്ക് ഏൽക്കുകയും ചില ആളുകളും മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ രണ്ടു ദിവസങ്ങളിലായി ഒമ്പതു സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഏപ്രിൽമാസം ആറാം തീയതി വൈകിട്ട് ഉദ്ദേശം ആറേകാൽ മണിക്ക് പതിനഞ്ചോളം വരുന്ന ആർ. എസ്. എസ്. പ്രവർത്തകരുടെ ഒരുസംഘം മാരകായുധങ്ങളുംസ്പോടകവസ്തുക്കളുമായി കോടിയേരി വില്ലേജിൽ പുന്നോളി എന്ന സ്ഥലത്ത് ഉള്ള ദിനേശ് ബീഡി കമ്പനിയുടെ ശാഖയിൽ ജോലി ചെയ്യുന്ന ചില മാർക്സിസ്റ്റ് അനുഭാവികളെ ആക്രമിച്ചു. അവരുടെ ആക്രമണത്തിന്റെ ഫലമായി നിരവധി ആളുകൾക്ക് പരിക്കേൽക്കുകയുണ്ടായി. അവരെ തലശ്ശേരി ഗവൺമെന്റാശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും കെ. വി. ബാലൻ എന്നു പറയുന്ന ആൾ ആശുപത്രിയിൽവച്ചു മരണപ്പെടുകയുണ്ടായി. ബാക്കിയുള്ളവരുടെ നില ഗുരുതരമല്ല. ഈ സംഭവത്തോടനുബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. അന്നേദിവസംതന്നെ വൈകിട്ട് അഞ്ചേകാൽമണിക്ക് ആർ. എസ്. എസുകാർ എന്നു സംശയിക്കപ്പെടുന്ന പത്തു പതിനഞ്ചാളുകളും മാരകായുധങ്ങളും സ്പോടക വസ്തുക്കളുമായി കോടിയേരിയിലുള്ള ദിനേശ് ബീഡി കമ്പനിയുടെ ശാഖയിൽ ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന മാർക്സിസ്റ്റ് പ്രവർത്തകരെ ആക്രമിക്കുകയുണ്ടായി. ആദ്യമായി ഈ ആക്രമണകാരികളും അറുപതോളം പേർ ജോലി ചെയ്തുകൊണ്ടിരുന്ന ബീഡിക്കമ്പനിയിൽ സ്പോടക വസ്തുക്കളും എറിയുകയാണു ചെയ്തത്. സ്പോടക വസ്തുക്കളും എറിഞ്ഞപ്പോളും പുറത്തേക്ക് ജോലിക്കാർ ഓടി. ആക്രമികളും അവരെ പിൻതുടർന്ന് വടികൊണ്ട് അടിച്ചു. അടികൊണ്ട് തലയ്ക്ക് പലർക്കും മുറിവേൽക്കുകയുണ്ടായി. മുറിവേറ്റ ആളുകളെ ആശുപത്രിയിലാക്കി. ഈ സംഭവത്തെ സംബന്ധിച്ചും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ സംഭവത്തെക്കുറിച്ച് അറിഞ്ഞ ഉടനെതന്നെ കോടിയേരിയിലുള്ള മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ സംഭവസ്ഥലത്ത് എത്തുകയുണ്ടായി. അവർ ഈ ആക്രമികളെ പിന്തുടർന്ന് അവരിൽപ്പെട്ട അത്തോളി സ്വദേശിയായ നടുക്കണ്ടി ഹരിദാസ് എന്ന ആളെ—ഹരിദാസ് വേറെ വീട്ടിൽ അഭയം തേടി—വാസുദേവന്റെ അടുക്കളെ, അല്ലെങ്കിൽ കുശിനിക്കടുത്തുള്ള മുറ്റത്തുവച്ച് അടിച്ചുകൊല്ലുകയുണ്ടായി. അങ്ങനെ ഹരിദാസ് എന്നുപറയുന്ന ആർ. എസ്. എസ് കാരൻ മരണപ്പെടുകയുണ്ടായി. ഈ സംഭവത്തെ സംബന്ധിച്ചും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസം വൈകിട്ട് ഉദ്ദേശം ആറര മണിയോടുകൂടി കച്ചേരി ചന്ദ്രൻ, കച്ചേരി ഭാസ്കരൻ, കണ്ടാൽ അറിയാവുന്ന ആർ. എസ്. എസ്. പ്രവർത്തകർ ഇവർ കായലോട് എന്ന സ്ഥലത്ത് റോഡേ പോയ വയവളപ്പിൽ നാരായണി തുടങ്ങിയ ആളുകളെ സ്പോടക വസ്തുക്കളും എറിഞ്ഞ് ആക്രമിക്കുകയുണ്ടായി. പൊള്ളലേറ്റ നാരായണിയെ കൂത്തുപറമ്പ് ഗവൺമെൻറ് അശുപത്രിയിൽ ചികിൽസയ്ക്കുവേണ്ടി ഉടനെതന്നെ പ്രവേശിപ്പിച്ചു. ഈ സംഭവം സംബന്ധിച്ചും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ തലശ്ശേരി ഇല്ലത്തുതാഴ എന്ന സ്ഥലത്ത് റോഡിൽക്കൂടി യാത്ര ചെയ്തിരുന്ന ബീഡിത്തൊഴിലാളികളും മാർക്സിസ്റ്റ് അനുഭാവികളുമായ എതാനുംപേരെ ആർ. എസ്. എസ്. കാർ വീണ്ടും ആക്രമിക്കുകയുണ്ടായി. ആ ആക്രമണത്തിൽ ഗുരുതരമായ പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിലും മറ്റുള്ളവരെ തലശ്ശേരി ഗവൺമെൻറാശുപത്രിയിലും ചികിൽസിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംഭവത്തോടനുബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസം വൈകിട്ട് ആറര മണിയോടുകൂടി ഒമ്പതുപേർ അടങ്ങുന്ന ആർ. എസ്. എസ്കാരുടെ ഒരു സംഘം ചമ്പാട് എന്നു പായുന്ന സ്ഥലത്തുള്ള ദിനേശ് ബീഡിക്കമ്പനിയുടെ ശാഖയിൽ ജോലി ചെയ്യുന്നവരും മാർക്സിസ്റ്റ് പാർട്ടി അനുഭാവികളുമായ പതിനൊന്നു തൊഴിലാളികളെ വടി, പിച്ചാത്തി, സ്പോടക വസ്തുക്കളും മുതലായവ കൊണ്ടു വീണ്ടും ആക്രമിക്കുകയുണ്ടായി. അതിൽ മുറിവേറ്റ ബാലൻ, ദാമു, രാജൻ, കുഞ്ഞിരാമൻ എന്നിവരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കു നീക്കംചെയ്തു. വഴിമദ്ധ്യേ ബാലൻ മരണപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ചും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ആറാം തീയതി വൈകുന്നേരം ഉദ്ദേശം ഏഴര മണിക്ക് കണ്ടാൽ അറിയാവുന്ന എട്ട് ആർ. എസ്. എസ് പ്രവർത്തകർ മാരകായുധങ്ങളുംമറ്റു സ്പോടകവസ്തുക്കളുംകൊണ്ട് കതിരൂർ യുവജന സ്പോർട്ട്സ് കൗൺസിലിനു സമീപംവച്ച് ആക്രമിച്ചുവെന്ന് സുരേന്ദ്രൻ എന്ന മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകന്റെ പരാതിയിൻമേൽ മറ്റൊരു കേസ് കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എട്ടാമത്തെ സംഭവം ഏപ്രിൽ ആറാം തീയതി വൈകുന്നേരം അഞ്ചു മണിയോടുകൂടി ചൊക്ലി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വയലിൽ പീടിക എന്ന സ്ഥലത്ത് ഉള്ള തന്റെ പീടികയിൽ കണ്ണത്താൻ കണ്ടി രാജനും മറ്റ് അമ്പതു മാർക്സിസ്റ്റ് അനുഭാവികളുംകൂടി അതിക്രമിച്ചുകടന്ന് അഞ്ഞൂറു രൂപയുടെ നാശനഷ്ടങ്ങൾ വരുത്തിയതായി കന്നിയിൽ ബാബുരാജന്റെ (അയാൾ ആർ.എസ്.എസുകാരനാണ്)പരാതിയിൻമേൽ മാർക്സിസ്റ്റുകാർക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏപ്രിൽ ഏഴാം തീയതി രാത്രി പത്തേകാൽ മണിക്ക് ആർ. എസ്. എസിന്റെ എലിയംവയൽ ശാഖാ സെക്രട്ടറി കുഞ്ഞപ്പൻ മാസ്റ്ററെ മാർക്സിസ്റ്റുകാരുടെ ഒരു സംഘം ആക്രമിക്കുകയുണ്ടായി. കുഞ്ഞപ്പൻ മാസ്റ്ററുടെ പയ്യന്നൂർ ഗവൺമെൻറാശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈ സംഭവം സംബന്ധിച്ച് മറ്റൊരു കേസുംകൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പയ്യന്നൂർ സ്വദേശിയായ കരുണാകരൻ എന്ന ആർ. എസ്. എസ്. അനുഭാവിയുടെ പരാതിയിൻമേൽ പയ്യന്നൂർ പോലീസ് ഏതാനും വകുപ്പുകൾ ചേർത്തുകൊണ്ട് മാർക്സിസ്റ്റ് പ്രവർത്തകരുടെ പേരിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇങ്ങനെ ആറും ഏഴും തീയതികളിൽ ഏതാണ്ട് ഒമ്പതോളം കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ കേസുകളിലെല്ലാംതന്നെ സർ ശരിയായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്കു കിട്ടിയിട്ടുള്ള അറിവുവച്ച്, പല പ്രതികളും ഒളിവിലാണ്. ആ സ്ഥലത്ത് പുറത്തുനിന്നുവന്ന ആളുകളും ആക്രമണം നടത്തിയിട്ടുണ്ട്. അവരെയൊക്കെ തിരഞ്ഞുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനകം ആറും ഏഴും തീയതികളിൽ നടന്ന സംഭവങ്ങളിൽമേൽ പതിനഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതിനുശേഷം ചില സംഭവങ്ങളും ഉണ്ടായി. അതിനാൽ രണ്ടുപേരെക്കൂടി കിട്ടി. ഈ സംഭവത്തിൻമേൽ ആകെ പതിനേഴു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ നോർത്തേൺ ഡി. ഐ. ജി. യും കണ്ണൂർ എസ്. പി. യും സംഘർഷാത്മകമായ പ്രദേശത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. എം. എസ്. പി., കെ.എസ്.പി.,എ.ആർ. ഇങ്ങനെയുള്ള ഫോഴ്സിൽ നിന്നും പ്രത്യേകമായിട്ടുള്ള ആംഡ് ഫോഴ്സിനെ നിയമിച്ചിട്ടുണ്ട്. അതിനുപുറമേ ഏഴു മൊബൈൽ പ്ലാറ്റൂണും പട്രോളും നടത്തുന്നുണ്ട്. 28 പോലീസ് പിക്കറ്റുകളും അവിടെ സ്ഥാപിച്ചിട്ടുണ്ട്. അതുകൂടാതെ ഈ പ്രതികളെ തിരഞ്ഞു പിടിച്ച് അറസ്റ്റ് ചെയ്യുന്നതിനുവേണ്ടി ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു പോലീസ് സംഘത്തെ നിയോഗിച്ചിട്ടുണ്ട്. പ്രതികളെ തിരഞ്ഞു പിടിച്ചു അറസ്റ്റ് ചെയ്യുക എന്ന ഒറ്റ ജോലിക്കുവേണ്ടി മാത്രമാണ് അവരെ നിയോഗിച്ചിട്ടുള്ളത്. അതുപോലെതന്നെ പുറത്തുനിന്ന് ഒരു ഡി. വൈ. എസ്. പി. രണ്ടു സർക്കിൾ ഇൻസ്പെക്ടർമാർ, പതിനഞ്ചു എസ്. ഐ. മാർ ഇവരെ ഈ പ്രദേശത്ത് ഈ കേസ് സംബന്ധിച്ച് പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ഒരു ദിവസം പല പല സ്ഥലങ്ങളിൽ, ഓരോ സ്ഥലത്തും ഏതാണ്ട് ഒന്നുരണ്ടു മണിക്കൂറുകൾക്കുള്ളിൽ നടത്തിയിട്ടുള്ള ഈ സംഭവങ്ങൾ ആർ. എസ്. എസ്. കാർ കൂടിക്കൂട്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ളതാണെന്നാണ് ഗവൺമെൻറിന് ഈ വസ്തുതകൾ വിശകലനം ചെയ്തപ്പോൾ തോന്നിയിട്ടുള്ളത്. എന്തായാലും നിർഭാഗ്യകരമായ കാര്യമാണ്. കേസ്സുകൾ രജിസ്റ്റർ ചെയ്തു. ഒളിവിൽ പോകാത്ത പ്രതികളെ സംബന്ധിച്ചിടത്തോളം അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണം ശക്തമായി നടക്കുന്നുണ്ട്. സംഘർഷാത്മകമായ പ്രദേശങ്ങളിൽ മുഴുവൻ ക്രമസമാധാനം പാലിക്കുന്നതിനുവേണ്ടി ശക്തമായ നടപടികളും ബന്ധവസുകളും

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. നിർഭാഗ്യകരമായ ഈ സംഭവത്തിൽ ഗവൺമെന്റിന് വേദനയുണ്ട്. പ്രമേയാവതാരകന്റെ വികാരങ്ങളുമായി ഗവൺമെന്റ് യോജിക്കുന്നു. ഗവൺമെന്റിനു ചെയ്യാവുന്ന കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികളും നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ആർ. കുറുപ്പ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായ പ്രകടനം ആദ്യം കേട്ടപ്പോൾ ഈ സംഭവങ്ങളെ തുടർന്ന് 'അത്' അറിഞ്ഞുകൊണ്ട്' എന്നൊക്കെ പറഞ്ഞുകൊണ്ടു നീങ്ങുന്നതായി കണ്ടു. അത് ഡിപ്പാർട്ടുമെന്റിൽനിന്നു കിട്ടിയ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കാം. പക്ഷേ അവസാനം ബഹുമാനപ്പെട്ട മന്ത്രി സ്വന്തം അഭിപ്രായം പറഞ്ഞപ്പോൾ, ഇതൊക്കെ കരുതിക്കൂട്ടി സംഘടിതമായി നടത്തുന്നു എന്നു ധരിച്ചിട്ടുള്ളതായി കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. പക്ഷേ ധാരണകൊണ്ടു മാത്രം ശരിയാവുകയില്ല. ഈ സംഭവത്തെ മനസ്സിലാക്കുമ്പോൾ, ഈ നിയമസഭാ വേദിയോടുള്ള കഠിനമായ ഒരു വെല്ലുവിളിയാണുസാർ ആർ. എസ്. എസ്സിന്റെ ആക്രമണം. കാരണം ഈ നിയമസഭ ഏകകണ്ഠമായി അംഗീകരിച്ച ഒരു അപലപന പ്രമേയത്തിനുശേഷം ബഹുമാനപ്പെട്ട ഗവൺമെന്റു ബാദ്ധ്യസ്ഥമാണു സർ, ഈ നിയമസഭയുടെ വികാരങ്ങളും പ്രവർത്തന രംഗത്തു കൊണ്ടുവരാൻ, ഈ നിയമസഭ ഏകകണ്ഠമായ വികാരം പ്രകടിപ്പിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയിട്ടുപോലും ഗവൺമെന്റിന്റെ മെഷീനറി ഗവൺമെന്റ് ഏതുതരത്തിൽ ചലിപ്പിച്ചു എന്നുള്ളതാണ് ചിന്തിക്കേണ്ടത്. അതു ചിന്തിച്ചുകൊണ്ടുവേണം ഭാവിനടപടികളും എടുക്കാനും ഗവൺമെന്റ് തയ്യാറാകേണ്ടത്. കഴിഞ്ഞ കാലത്തെ ഗവൺമെന്റിന്റെ നിലപാടു തികച്ചും നിഷ്ക്രിയത്വത്തിലേക്കു നീങ്ങി എന്നുള്ളതാണ് പരമാർത്ഥം. സർ, ദാരുണമായ സംഭവമാണിത്. ആ ദാരുണമായ സംഭവത്തെ സംബന്ധിച്ച് പത്രവും 'അടിയേറു' 'പരിക്കേറു' എന്ന നിലയിൽ ചിത്രീകരിക്കുന്നതു കേട്ടു. ആശ്ചര്യകരമാണു സർ, ആ ചിത്രീകരണം. മൂർച്ചയുള്ള മാരകമായ ആയുധങ്ങൾകൊണ്ട് വെട്ടി മുറിവേറ്റതായിരുന്നു സർ ഈ പരിക്കുകളെല്ലാം. 24 മാർക്സിസ്റ്റ് തൊഴിലാളികൾക്ക് പരിക്കേറ്റു. 3 പേർ മരിച്ചു. 5 പേർ ആസന്ന മരണരായി കിടക്കുകയാണ്. ഈ നിമിഷമോ അടുത്ത നിമിഷമോ എന്നറിയില്ല. ഒന്നാമത് വ്യക്തമായും നിയമസഭയോടുള്ള വെല്ലുവിളി; ഈ ഗവൺമെന്റിന്റെ കൊള്ളരുതായ്മയെപ്പറ്റിയുള്ള വെല്ലുവിളി. രണ്ടാമത് ഇതു തൊഴിലാളി വ്യൂഹത്തിനു നേരെയുള്ള കടന്നാക്രമണമാണ്. ഇതിനെതിരായി എന്തു നടപടി എടുക്കാൻ തയ്യാറുണ്ട് എന്നാണറിയേണ്ടത്. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്, അന്വേഷിക്കുന്നുണ്ട്, അറസ്റ്റു ചെയ്യാൻ ആളെ അയച്ചിട്ടുണ്ട്, ഏർപ്പാട് ചെയ്തിട്ടുണ്ട്, എന്നൊക്കെ പറഞ്ഞിട്ടു കാര്യമില്ല. ഇവിടത്തെ ഏറ്റവും ഉന്നതനായ ചീഫ് മിനിസ്റ്റർ ഉൾപ്പെടെ റവന്യൂ മിനിസ്റ്റർ ഉൾപ്പെടെ മൂന്നു മന്ത്രിമാർ തലശ്ശേരിയിൽ ക്യാമ്പുചെയ്യുന്നു. സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റീസ്, കേരളത്തിലെ ചീഫ് ജസ്റ്റീസ്, മന്ത്രിമാർ ഇവരെല്ലാം അവിടെ കൂടിയിട്ടുണ്ട്. ഇതിനിടയിലാണ് സംഭവം നടക്കുന്നത്. എന്റെ നാട്ടിലെ പാനൂർ പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിലാണ് ഈ രണ്ടു കൊലപാതകം. എന്റെ നിയോജകമണ്ഡലത്തിലെ പൊക്കളി പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിലാണ് ഒരു കൊലപാതകം. എനിക്കറിയാം മന്ത്രിമാരുടെ രക്ഷയ്ക്കുവേണ്ടി അയയ്ക്കുന്ന പോലീസുകാർ എത്രയുണ്ടെന്നും അവരെല്ലാം തലശ്ശേരിക്കു പോവുകയാണെന്നും അങ്ങാടിപ്പാട്ടായിരുന്നു സർ, അവിടെ. കാരണം, പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

മേലദ്ധ്യക്ഷൻമാർ എന്തു പറഞ്ഞാലും 'യെസ് സർ' പറയുന്ന കീഴുദ്യോഗസ്ഥൻമാരാണ്; 'യെസ് സർ' പഴഞ്ഞു കഴിഞ്ഞാലുടനെ നിർബന്ധമായും ലാ ആൻറ് ആർഡർ നശിപ്പിക്കുകയാണ് അവരുടെ പ്രവർത്തനം. മൂന്നു മാസം മുൻപ് മാർക്സിസ്റ്റ് പ്രവർത്തകനായ രാജു മാസ്റ്ററെ എന്നൊരാൾ പൊതു റോഡിൽവച്ച് കൊലചെയ്യപ്പെട്ടു. അതിന്റെ നാല്പതുവാര അകലെയുള്ള ട്യൂട്ടോറിയൽ കോളേജിൽ അവിടത്തെ പോലീസ് സബ് ഇൻസ്പെക്ടർ ഇരുന്നു ചീട്ടു കളിക്കുകയായിരുന്നു. സുഖം ആസ്വദിക്കുകയായിരുന്നു. അവിടെ നിന്നും അറുപതു വാര ദൂരെ പോലീസുകാർ കൂമ്പു നിൽക്കുകയാണ്. 53 മിനിട്ടു കഴിഞ്ഞിട്ടാണ് ലോക്കൽ പോലീസ് സംഭവസ്ഥലത്ത് ശവശരീരത്തിനടുത്തു വന്നത്. നിഷ്ക്രിയത്വത്തിന്റെ ശക്തിയേറിയ ഒരു വ്യൂഹമായി മാറിയിരിക്കുകയാണ് സർ, ലോക്കൽ പോലീസ് ആകമാനം. അതുകൊണ്ട് ഈ മാത്തത്തിൽ ഈ അക്രമികളെ സഹായിക്കുന്ന സാഹചര്യം അവിടെ ഉണ്ടെന്നുപറയാം. കൊട്ടിയോടി എന്നത് ഈ സ്റ്റേഷന്റെ അതിർത്തിയാണ്. അതു നാലുനാഴിക ദൂരെയാണ്. അവിടെ സംഭവം നടന്നിട്ട് ഒരു മണിക്കൂർ കഴിഞ്ഞിട്ടാണ് മറൊരിടത്തു സംഭവം നടന്നത്. അതു പോലീസ് സ്റ്റേഷനിൽ നിന്നു രണ്ടര നാഴിക ദൂരെയാണ്. ആദ്യത്തേതു ദിനേശ് ബീഡിക്കമ്പനിയുടെ നേരെയുള്ള ആക്രമണമാണ്. ദിനേശ് ബീഡിത്തൊഴിലാളികളുടെ നേരെയുള്ള ആക്രമണം കണ്ടാൽ അടുത്ത ആക്രമണം അടുത്തുള്ള ദിനേശ് കമ്പനിയുടെ നേർക്കാണെന്ന് സബ് ഇൻസ്പെക്ടർക്കറിയാം. അറിയാത്ത ആളാണെങ്കിൽ അയാം പോലീസ് സബ് ഇൻസ്പെക്ടറല്ല. പക്ഷേ ഒരു രക്ഷാകവചവും എർപ്പാടു ചെയ്തിരുന്നില്ല. ഒരു രക്ഷാ നടപടിയും എടുത്തില്ല. ആ നിലയിൽ നിർബന്ധമായും നടന്നുകൊള്ളട്ടെ എന്ന ചിന്താഗതിയാണ്. കേസ് രജിസ്റ്റർ ചെയ്തുവെന്നു പറയുന്നു. പരിക്കുകളുടെ വിശദീകരണം പ്രത്യക്ഷമായി കേൾക്കുമ്പോൾ, അടികൊണ്ടു പരിക്കേറ്റു എന്ന വാദഗതിയാണ് റിപ്പോർട്ടിൽ കാണുന്നത് എന്നു തോന്നുന്നു. തികച്ചും തെറ്റാണു സർ. മൂർച്ചയുള്ള വാൾകൊണ്ട്, കരാളമായ വാൾകൊണ്ട് വെട്ടി മുറിവേൽപ്പിച്ചിരിക്കുകയാണ്. ഭീകരമായ അന്തരീക്ഷമാണു സർ, ആ പ്രദേശങ്ങളിൽ. ആ നിയോജക മണ്ഡലത്തിലെ എം. എൽ. എ. എന്ന നിലയിൽ ഞാൻ നാണിക്കുകയാണ്. ഞാൻ അടക്കം വോട്ടു ചെയ്തു പാസ്സാക്കിയ ഒരു അപലപന പ്രമേയം നിലവിലിരിക്കെ ഇതു പ്രവർത്തനത്തിൽ വച്ച് സഭയുടെ മാനം കാക്കാൻ ബാദ്ധ്യതപ്പെട്ട ഒരു ഗവൺമെന്റ് തെറ്റായ നടപടിക്രമത്തിനു കൂടുതൽ പ്രോത്സാഹനം നൽകുന്ന ഉദ്യോഗസ്ഥൻമാരെയാണ് വച്ചുപുലർത്തുന്നത്. ഈ നിലയിൽ തുടർന്നുപോകുന്നതു വേദനാജനകമാണ്. അതുകൊണ്ട് ഈ പ്രമേയം ചർച്ച ചെയ്തു തീരും.

ശ്രീ. എം. വി. രാഘവൻ: സർ, ആഭ്യന്തരമന്ത്രി ചെയ്ത സ്റ്റേറ്റ്മെൻറ്, കുറെ സ്ഥലങ്ങളിൽ സംഘട്ടനമുണ്ടായി പോലീസ് കേസ് ചാർജുചെയ്ത് അന്വേഷണം നടത്തുന്നു എന്നാണ്. ഗൗരവതരമായിട്ടുള്ള സ്ഥിതി വിശേഷമാണ് തലശ്ശേരിയിലും ചുറ്റുപാടും ഉണ്ടായിട്ടുള്ളത്. അർഹിക്കുന്ന ഗൗരവത്തോടുകൂടി പോലീസും ഗവൺമെൻറും വീക്ഷിക്കുന്നില്ലെന്നാണ് ഈ സ്റ്റേറ്റ്മെൻറിൽനിന്നു ഞാൻ മനസ്സിലാക്കുന്നത്. ഏഴു കേന്ദ്രങ്ങളിൽ നാല് മണിമുതൽ എട്ടു മണിവരെ നടന്നിട്ടുള്ള, സംഘടിതമായി പ്ലാൻ ചെയ്ത, ഒരാക്രമണമാണ്. ആ ഏഴ് ആക്രമങ്ങൾക്കുശേഷമോ ഒപ്പമോ വേറെ നടന്നോ എന്നുള്ളതല്ല; ആ ഏഴ് ആക്രമണങ്ങളേയും നേരിടുന്നതിൽ പോലീസ് തികച്ചും പരാജയപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പു മന്ത്രിയും റവന്യൂ വകുപ്പു മന്ത്രിയും മാന്യൻമാരായിട്ടുള്ള ചീഫ് ജസ്റ്റീസും അതുപോലെയുള്ള ആളുകളും തലശ്ശേരിയിലുള്ള ഒരു സന്ദർഭം തിരഞ്ഞെടുത്തുകൊണ്ടാണ് ആർ. എസ്. എസുകാർ ഈ ആക്രമണം നടത്തിയത്. ഒരു സ്റ്റേറ്റുമെന്റ് വായിക്കാനിടയായി, അക്രമത്തെ ന്യായീകരിച്ചുകൊണ്ട്. ഒരു പ്രസ്ഥാനത്തെ അടിച്ചമർത്താമെന്ന ഒരു ഗവൺമെന്റിന്റെ ഭീഷണി നിലവിലിരിക്കുന്നതാണ് ഈ കുഴപ്പങ്ങൾക്കെല്ലാം കാരണമെന്നായിരുന്നു അത്. ആ പ്രസ്താവനയുടെ ഉള്ളിലുള്ള അർത്ഥം ഈ നിയമസഭയും ഈ ഗവൺമെന്റും ആർ. എസ്. എസിനെ എതിരായി നീങ്ങിയാൽ അവർ എന്തും ചെയ്യും എന്നുള്ള ഒരു ചലഞ്ചാണ്. ആ ചലഞ്ചിനെ നേരിടാൻ അങ്ങേപ്പുറത്തിരിക്കുന്നവർ തയ്യാറുണ്ടോ എന്നാണ് അറിയേണ്ടത്. ഞങ്ങളുടെ ആറാളുകൾ മരിച്ചു, കുറച്ച് മാസത്തിനിടയിൽ. രണ്ടല്ല, ഇത് ആറാമത്തെ മരണമാണ്. ആദ്യമായി രാജു മാസ്റ്ററെ വെട്ടിക്കൊന്നു; സ്കൂൾ വിട്ടുപോകുമ്പോഴാണ്. പിന്നീട് പവിത്രൻ; ബസ്സിറങ്ങിപ്പോകുമ്പോഴാണ് വെട്ടിക്കൊന്നത്. അതിനെ തുടർന്ന് രാധാകൃഷ്ണൻ ഉൽസവം കഴിഞ്ഞ് മടങ്ങിവരുമ്പോഴാണ് വെട്ടിക്കൊന്നത്. അതിനുശേഷം പ്രകാശൻ എന്ന ചെറുപ്പക്കാരനെ അടിച്ചു. മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് അയാളും മരിച്ചു. ഇപ്പോൾ ഏഴ് സ്ഥലങ്ങളിൽ ഒന്നായിട്ട് ആക്രമണം നടത്തി. കോഴിക്കോട് കണ്ണൂർ ജില്ലകളിൽനിന്നും മറ്റു പ്രദേശങ്ങളിൽനിന്നും സംഘടിതമായി വന്നു താമസിക്കുന്ന ആർ. എസ്. എസുകാരാണ് ഈ ആക്രമണം നടത്തിയത്. ഞങ്ങൾ മുൻകൂട്ടിത്തന്നെ പോലീസിന് ഇതു സംബന്ധിച്ച ആക്രമണം ഉണ്ടാകാനിടയുണ്ടെന്ന്, വിവരം കൊടുത്തതാണ്. പോലീസുകാർ ഈ ആക്രമണസ്ഥലങ്ങളിലെല്ലാം ഉണ്ടായിരുന്നു. അതാണ് വളരെ ലജ്ജാകരവും പരിതാപകരവുമായിട്ടുള്ളത്. ഇവർക്ക് തോക്കും ലാത്തിയും കൊടുത്ത് എന്തിനാണ് അയക്കുന്നത്? ആർ. എസ്. എസുകാർ ആക്രമിക്കുമ്പോൾ നോക്കിനിൽക്കാനാണെങ്കിൽ എന്തിനാണ് ഈ രാജ്യം ഭരിക്കുന്നതെന്നാണ് ഞാൻ ഗവൺമെന്റിനോട് ചോദിക്കുന്നത്. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയും അവിടെ ഉണ്ടായിരുന്നില്ലേ? അവർ പ്രയോഗിച്ച ആയുധങ്ങൾ സ്വന്തം കണ്ണുകൊണ്ട് കണ്ടില്ലേ? അവിടെ കണ്ടില്ലേ? കത്തി കണ്ടില്ലേ? അതുപോലെതന്നെ ബോംബുകൾ മനസ്സിലാക്കാൻ കഴിഞ്ഞില്ലേ? കത്തി ഒരു പ്രത്യേകതരമാണ്. ആളുകളെ കുത്തിയാൽ വലിച്ചെടുക്കാൻ കഴിയാത്ത കത്തി പിന്നീടു വലിച്ചെടുത്തു. വലിച്ചെടുക്കുമ്പോൾ കുടലിലാണ് കുത്തിയതെങ്കിൽ, ആ കുടൽമാല മുഴുവൻ പുറത്തേക്ക് വരികയാണ്. വളവും തിരിവുമുള്ള ഒരുതരം കത്തിയാണ്. 'ഓം കാളി' എന്നെല്ലാം പറഞ്ഞുകൊണ്ടാണ് അവർ ഈ കത്തിയും ബോംബും വടിയുമായി ആളുകളെ ആക്രമിക്കുന്നത്. പൈശാചികമെന്നുപറഞ്ഞാൽ ആ വാക്കിന്റെ പൂർണ്ണമായ അർത്ഥത്തിലാണു സർ, രാജ്യത്ത് ജനങ്ങൾ ഇതുവരെ കണ്ടിട്ടില്ലാത്ത രീതിയിലാണ്. ഇല്ലത്തുംതാഴെ എന്ന സ്ഥലത്തെ ഒരു സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അവിടെയൊരു പോലീസ് ഔട്ട്പോസ്റ്റുണ്ട്. അവിടെ പോലീസുകാർ കുത്തിയിരിക്കുന്നുണ്ട്. ആർ. എസ്. എസ്. ഗുണ്ടകൾ വന്നിട്ട് പോലീസുകാരോട് പറഞ്ഞു, മിണ്ടിപ്പോകരുത്, ഞങ്ങളുടെ കയ്യിൽ ബോംബുണ്ട്, മിണ്ടിയാൽ തന്നെയും വിടില്ല എന്ന്. പോലീസുകാർ ലാത്തിയും വച്ചിട്ട് നോക്കിയിരിക്കെയാണ് ഞങ്ങളുടെ ഒരു പീടിക ആക്രമിച്ച് നശിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് നിരവധി ആളുകൾക്ക് പരിക്കേല്പിച്ചു. എന്തിനാ ഈ പോലീസിനേയുംകൊണ്ട് നടക്കുന്നു? ഇവിടെ നിയമം നടപ്പിൽവരുത്താൻ കഴിയുമോ എന്നതാണ് ചോദ്യം. ഇവിടെ മനുഷ്യജീവനും സ്വത്തിനും രക്ഷയില്ല. കതിരൂർ സംഭവത്തെ സംബന്ധിച്ച് മന്ത്രി പറഞ്ഞു. കതിരൂർ സംഭവം നടക്കുന്നതിനു കുറച്ചുമുമ്പ് പോലീസ് വന്നു. അവിടെ കൂടിനിന്ന ഞങ്ങളുടെ അനുഭാവികളെ ആട്ടിയോടിച്ചു. കുറെ ആളുകളെ മാത്രമായി. അരപ്പൊഴാണ് അവർ വന്ന് ആക്രമണം നടത്തിയത്. പോലീസുകാർ വന്നിട്ട് പറയുകയാണ് ആർ. എസ്. എസുകാർ കുഴപ്പമുണ്ടാക്കാനിടയുണ്ട്, നിങ്ങളെല്ലാവരും ഒഴിഞ്ഞുപോകണമെന്ന്. ഞങ്ങളെ ഒഴിഞ്ഞുപോയാൽ, നിരപരാധികളായ ഞങ്ങളുടെ അനുഭാവികളെ ഞങ്ങളെ ഒഴിഞ്ഞുപോയ തക്കംനോക്കി ആക്രമിക്കുകയാണ്. മാർക്സിസ്റ്റ് ശക്തികേന്ദ്രങ്ങളിൽ പോകുക; അവിടെ ഞങ്ങൾക്ക് വോട്ടുചെയ്യുകയോ ഞങ്ങളോടനുഭാവമുണ്ടാകുകയോ ചെയ്യുന്ന ആളുകളുള്ള കേന്ദ്രങ്ങളെ ആക്രമിക്കുക—ഇതാണ് ചെയ്യുന്നത്. പ്രത്യേകിച്ചും ബീഡിത്തൊഴിലാളികളെയാണ് ആക്രമിക്കുന്നത്. ഈ രാജ്യത്ത് മതവിദ്വേഷം പ്രചരിപ്പിക്കാനും ന്യൂനപക്ഷത്തെ കശാപ്പുചെയ്യാനുമുള്ള ഈ ആർ. എസ്. എസിന്റെ നാസി മോഡൽ ആശയ ഗതിയെ ചെറുക്കുന്ന ഒരു പ്രസ്ഥാനമാണ് തൊഴിലാളി പ്രസ്ഥാനം എന്നുള്ളതുകൊണ്ട്, അങ്ങനെ ചെറുക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ എന്നുള്ളതുകൊണ്ട്, ഞങ്ങളെ ദിവസേനയെന്നോണം കുത്തിക്കൊല്ലുകയാണ്. അതിനുള്ള ഒരു ആത്മഹത്യാ സ്കാഡോ അല്ലെങ്കിൽ കൊലയാളി സംഘമോ എന്താണെന്നറിയില്ല, ആ സംഘമാണ് ഇത് നടത്തിയത്. ആർ. എസ്. എസിന്റെ സ്റ്റേറ്റ് ഓർഗനൈസർ ഒരു ചന്ദ്രൻ ഉണ്ട്. ആ ചന്ദ്രൻ കൽപ്പറ്റ തോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ നിന്നയച്ച ചങ്ങാതിയാണ് ആക്രമത്തിൽ പങ്കെടുത്ത് മരിച്ചയാൾ എന്നാണ് മനസ്സിലാകുന്നത്. അതുപോലെയുള്ള പല കേന്ദ്രങ്ങളുമുണ്ട്. അത്തോളി ആയാലും കൽപ്പറ്റ ആയാലും ഇതുപോലെയുള്ള കേന്ദ്രങ്ങളാണ്. ഞാൻ മന്ത്രിയോടു ചോദിക്കുകയാണ്. പത്തോ പതിനാലോ ആളുകളെ അറസ്റ്റുചെയ്തിട്ടുണ്ട്; എന്നാൽ ഈ അക്രമം നടത്തുന്നവർ സ്വച്ഛന്ദം നടക്കുകയല്ലേ? ഈ അക്രമം നടത്തുന്നവരിൽ പലരും തലശ്ശേരി പട്ടണത്തിൽ തന്നെയുണ്ട്. തലശ്ശേരി പട്ടണത്തിൽ പല വീടുകളിലുമവർ അഭയം സ്ഥാപിച്ചിരിക്കുകയാണ്, ക്യാമ്പ് സ്ഥാപിച്ചിരിക്കുകയാണ്. അവരുടെ കയ്യിൽ എല്ലാവിധത്തിലുള്ള ആയുധങ്ങളുമുണ്ട്. മനുഷ്യനു ജോലിയെടുക്കാനും സൈരമായി ജീവിക്കാനുമുള്ള സ്വാതന്ത്ര്യം ആർ. എസ്. എസിന്റെ കുറെ തെമ്മാടികളുടെ കൈയിലേക്ക് ഈ ഗവൺമെന്റ് വലിച്ചെറിഞ്ഞുകൊടുത്തിരിക്കുകയാണ്. എനിക്ക് ഈ ഗവൺമെന്റിനോട് ഒന്നേ പറയാനുള്ളു. ഈ രാജ്യത്ത് നിങ്ങൾക്ക് തോക്കും ലാത്തിയും കൊടുത്ത പോലീസിനെകൊണ്ടും നിയമം സ്ഥാപിക്കാൻ കഴിയുകയില്ലെങ്കിൽ ആയുധമെടുക്കാനുള്ള അനുവാദം ഈ രാജ്യത്തെ പൗരൻമാർക്ക് നൽകണം. എന്നിട്ട് നിങ്ങൾ ആ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറണം. ഇവിടെ മനുഷ്യരെ കശാപ്പുചെയ്യുകയാണ്. കേരളം ഒരു കശാപ്പുശാലയാക്കി മാറ്റുകയാണോ? നിയമവും സമാധാനവും ഇവിടെ കാറ്റിൽ പറത്തുകയല്ലേ? മനുഷ്യ മനസ്സാക്ഷി എന്നൊന്ന് ഉണ്ടെങ്കിൽ അതിനെ ഞെട്ടിപ്പിക്കുന്ന ക്രൂരതകളല്ലേ നടന്നത്? എന്നിട്ടും ആ ഗുണ്ടകളെ പിടിക്കാൻ കഴിഞ്ഞോ? ഒരാളെ ഇന്ന് അറസ്റ്റു ചെയ്തതുതന്നെ നാട്ടുകാർ പിടിച്ചേൽപ്പിച്ചിട്ടാണ്. ഒന്നും ചെയ്യാൻ കഴിയാത്ത, നിയമസമാധാനം പൂർണ്ണമായി അപകടപ്പെട്ട, ഒരു

LIBRARY ARCHIVES Kerala Legislative Assembly

പരിതഃസ്ഥിതിയാണുള്ളത്. അതുകൊണ്ട് ഇത് ചർച്ചചെയ്യണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ചതുപോലുള്ള ഉൽക്കടമായ വികാരങ്ങൾ എല്ലാവർക്കുമുണ്ട്. പക്ഷേ, ഇത് പോലീസിന്റെ കുഴപ്പംകൊണ്ടാണ്. പോലീസ് നിഷ്ക്രിയത്വം പാലിക്കുന്നു എന്നു പറയുന്നത് ശരിയല്ല. അതിന് രണ്ടു ഉദാഹരണം പറയാം: ഒരു ബസ്സിൽ കുറെ പേർ യാത്ര ചെയ്തു വരികയാണ്. പെട്ടെന്ന് ഒരു ബസ്സ്റ്റോപ്പിൽ അഞ്ചെട്ട് പേർ ഇറങ്ങി. ഒരു ചായക്കടയിൽ ഒരു ബോംബ് എറിയുന്നു. അല്ലെങ്കിൽ ഒരു കെട്ടിടത്തിന്റെനേരെ ഒരു ബോംബ് എറിയുന്നു. പോലീസിന് ഇന്നയാൾ ബസ്സിൽ യാത്രചെയ്യുന്നുവെന്നും അവർ ഇന്നയിന്ന ആയുധങ്ങളെല്ലാം കൊണ്ടുനടക്കുന്നു എന്നും അറിയാൻ ബുദ്ധിമുട്ടുണ്ട്. വേറൊരു കാര്യം പറയുകയാണെങ്കിൽ ഒരു വാഹനത്തിൽ പെട്ടെന്ന് അഞ്ചെട്ടുപേർ വരുന്നു. അവരുടെ കടിയിൽ ബോംബോ സ്ഫോടക വസ്തുക്കളോ ഒക്കെയുണ്ട്. പെട്ടെന്ന് അവർ ഒരു ബ്രീഡിക്കമ്പനിയിൽ പോയി ബോംബ് എറിയുന്നു. ഈ കാര്യങ്ങളെല്ലാം ചെയ്യുന്നത് പോലീസ് നിഷ്ക്രിയമായി പെരുമാറുന്നതുകൊണ്ടാണ് എന്നു പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്ററും ഞാനും ശ്രീ. ബേബിജോണും എല്ലാം ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിന്റെ ഒരു പരിപാടിയിൽ പങ്കെടുക്കാൻവേണ്ടി അവിടെ ഉണ്ടായിരുന്ന സമയത്താണ് ഈ സംഭവം നടന്നത്. അതുകൊണ്ട് ഞങ്ങളും അവിടെ നിൽക്കുമ്പോൾ ഞങ്ങളുടെ മൂക്കിനുതാഴെ നടന്ന സംഭവമെന്നുപറയുന്നതിൽ എന്ത് പ്രസക്തിയാണ് ഉള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തലശ്ശേരി പട്ടണത്തിലാണ് നടന്നത്. കുറേ മൈലുകൾക്കും അപ്പുറമാണത്. സ്റ്റാറ്റജിക്കലായിട്ട് വളരെയധികം ഗൂഢാലോചന നടത്തിയിട്ടാണ് ആ ദിവസംതന്നെ തിരഞ്ഞെടുത്തത്. ഇത് അവരുടെ ഒരു തന്ത്രമാണ്. ആ തന്ത്രത്തെ നമുക്ക് തോൽപ്പിക്കേണ്ടിയിരിക്കുന്നു. ഈ സംഭവത്തോടനുബന്ധിച്ച് മുറിവേറ്റ ആളുകളെ ഞാനും എന്റെ സഹപ്രവർത്തകൻ ശ്രീ. ബേബിജോണും മുഖ്യമന്ത്രിയും ആശുപത്രിയിൽ പോയി കാണുകയും അവർക്കുവേണ്ട ആശ്വാസനടപടികൾ സ്വീകരിക്കുകയും സഹായങ്ങൾ എത്തിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ രാഘവൻ ചില വീടുകളിൽ അവർ ഇരിപ്പുണ്ടെന്നു പറഞ്ഞു, ഞാൻ ശ്രീ. രാഘവന് ഉറപ്പുനൽകുകയാണ്, ആ സംഭവവുമായി ബന്ധപ്പെട്ട ആളുകൾ മാരകായുധങ്ങളുമായി എവിടെയെങ്കിലും ഏതെങ്കിലും വീടുകളിൽ ഇരിക്കുന്നുണ്ടെന്ന് അറിയിച്ചാൽ ഉടൻതന്നെ അവരെ പിടിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഈ കാര്യത്തിൽ വിജിലൻറായി ജനങ്ങളും പോലീസും ഒരുമിച്ച് നീങ്ങേണ്ടതുണ്ട്.

സർ, നമ്മുടെ രാജ്യത്തിനുള്ളിൽ കേന്ദ്രഭരണത്തിൻകീഴിലുള്ള ഒരു പ്രദേശമുണ്ട്, മാഹി. ആ മാഹിയിൽ ആർ. എസ്. എസിന്റെ ഗുണ്ടാകൾ ആയുധ ശേഖരണം നടത്തുന്നു എന്ന് നമുക്ക് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. മാഹിയിൽനിന്നും ഇങ്ങനെയുള്ളവർ ഇങ്ങോട്ട് വരുന്നു. കേന്ദ്രഭരണപ്രദേശമായ മാഹിയിൽ കയറാനും സേർച്ച് ചെയ്യാനും നമുക്ക് ബുദ്ധിമുട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് തീർച്ചയായും ഉടൻതന്നെ കേന്ദ്രഗവൺമെൻറുമായി ഈ കാര്യം കടക്കപ്പ് ചെയ്യാൻ ശ്രമിക്കുന്നതാണ്. മാഹിയുടെ തണലിൽ

LIBRARY ARCHIVES Kerala Legislative Assembly

മാഹിക്കകത്തുനിന്നുകൊണ്ട് നമ്മുടെ സ്റേറററിനകത്ത് ഒരു ആക്രമണം നടത്തുന്നുവെങ്കിൽ അത് വലിയൊരു തെററാണ്. വളരെയധികം വേദനാജനകമായ കാര്യമാണ്, അതുകൊണ്ട് പോലീസിനെമാത്രം കുററപ്പെടുത്തിയിട്ട് കാര്യമില്ല. പോലീസ് ഈ കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസ് രജിസ്റററർ ചെയ്തത് മാത്രമല്ല കാര്യങ്ങളെല്ലാം പോലീസിന്റെ നിയന്ത്രണവിധേയമായിട്ടുണ്ട്. ചെയ്യാവുന്നത് മുഴുവൻ പോലീസ് ചെയ്തിട്ടുണ്ട്. ഈ ഗുണ്ടാകളേയും ആക്രമണകാരികളേയും അറസ്ററുചെയ്യുകയും നിയമത്തിനു വിധേയമാക്കിക്കൊണ്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയുമാണ് എനിക്ക് ഈ കാര്യത്തെപ്പററി പറയാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇവിടെ ഇതിനുമുമ്പ് അടിയന്തിര പ്രമേയം അവതരിപ്പിച്ചു ചർച്ച ചെയ്തതിനുശേഷം ഈ കാര്യത്തെപ്പററി പ്രത്യേകം ചർച്ച ഉണ്ടായിരുന്നു. ചർച്ചയ്ക്കുശേഷം വേണ്ടത്ര ജാഗ്രത ഗവൺമെൻറ് എടുക്കത്തതുകൊണ്ടാണ് മുഖ്യമന്ത്രി അടക്കം ഉള്ളവരുടെ സാന്നിദ്ധ്യത്തിൽ ഈ കൊലപാതകം നടത്താൻ ഇടയാക്കിയത്. അതുകൊണ്ടാണ് ചർച്ച ചെയ്യണമെന്ന് പറയുന്നത്. മുഖ്യമന്ത്രി എന്താണ് ഇതിനെപ്പററി പറയുന്നതെന്ന് കേൾക്കാൻ ആഗ്രഹമുണ്ട്.

മി. സ്പീക്കർ: നിർഭാഗ്യകരവും അപലപനീയവുമായ സംഭവത്തെക്കുറിച്ചുള്ള വിവരം കേട്ടുകഴിഞ്ഞു. ആർ. എസ്. എസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ അടുത്തകാലത്താണ് ഈ സഭയിൽ തന്നെ വളരെ ദീർഘമായ ചർച്ച നടത്തിയത്. ഗവൺമെൻറ് ഈ സംഭവത്തെ തുടർന്ന് സുശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ കാര്യത്തിൽ സുശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാൻ സാധിക്കുന്നില്ല. കാരണം ഇവിടെ ഇതേ പ്രശ്നത്തെ സംബന്ധിച്ചുതന്നെ മൂന്നുനാലു പ്രാവശ്യം അടിയന്തിരപ്രമേയം അവതരിപ്പിച്ചു. ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് അതിനെക്കുറിച്ചുള്ള ചർച്ച നടക്കുന്ന സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എണീററ് ഇതിനെപ്പററി പ്രത്യേകം ചർച്ച നടത്തുന്നതാണെന്ന് പറയുകയുണ്ടായി. അങ്ങനെ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ഗവൺമെൻറ് ആവശ്യമായ നടപടികൾ എടുക്കുമെന്നുപറഞ്ഞു. എന്നിട്ടും മുഖ്യമന്ത്രി അടക്കമുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഇത്രയും ഭയങ്കരമായ ഒരു കൊലപാതകം നടന്നതും ഗവൺമെൻറ് വേണ്ടത്ര ഗൗരവത്തോടുകൂടി കാണാൻ തുനിയുന്നില്ല എന്നുള്ളതിലും പ്രതിഷേധിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഗവൺമെൻറ് ചെയ്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ സാധാരണ കേസ് രജിസ്റററർ ചെയ്യുന്ന മനോഭാവത്തോടുകൂടി മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ പ്രത്യേക പരിതഃസ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്യണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങനെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല, ഇതിന്റെ ഗൗരവം ഞങ്ങൾ മനസ്സിലാക്കിയെന്ന് പറഞ്ഞാൽ പററുകയില്ല. നിങ്ങൾ എന്ത് ചർച്ചചെയ്താലും എന്ത് നടപടികൾ എടുത്താലും ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുമെന്ന് പറഞ്ഞുകൊണ്ട് ഒരു ഫാസിസ്ററ് സംഘം ഈ രാജ്യത്ത് പ്രവർത്തിക്കുകയാണ്. ഈ രാജ്യത്ത് ജനങ്ങൾക്ക് രക്ഷയില്ലാതായിരിക്കുകയാണ്. ഈ കാരണങ്ങൾ മനസ്സിലാക്കി പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കൊത്തതിൽ പ്രതിഷേധിച്ചും ചർച്ച അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ചും ഇന്നത്തെ സഭാനടപടികളാകെ ബഹിഷ്കരിക്കാൻ ഞാനും എന്റെ പാർട്ടിയും തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോവുകയാണ്.

(ശ്രീ. ടി. കെ. രാമകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട ആളുകളും സഭയിൽനിന്നും ഇറങ്ങിപ്പോയി)

ശ്രീ. എ. എ. റഹീം: സർ, ഇതിനെ സംബന്ധിച്ച് ഇവിടെ നിരവധി അടിയന്തിരപ്രമേയങ്ങളും പാസ്സാക്കുകയുണ്ടായി. ഇതുവരെയായിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രവർത്തനങ്ങളും ഉണ്ടായിക്കാണുന്നില്ല. ഇവിടെ ഇപ്പോൾ ഏതാണ്ട് കുമ്പസാരത്തിലെ കുറ്റസമ്മതംപോലെ സർക്കാർ പറയുകയും കുറ്റസമ്മതം നടത്തുകയും ഹെഡ് കോൺസ്റ്റബിളിന്റെ മഹസ്സർ വായന നടത്തുകയും ചെയ്യുന്നതല്ലാതെ ഒന്നും ചെയ്യുന്നില്ല. ജനങ്ങളുടെ ജീവൻ കൊണ്ട് ഇവർ പന്താടുന്ന ഈ അവസരത്തിൽ അതിനെ നേരിടുന്നതിനുവേണ്ടി കാര്യക്ഷമമായ യാതൊരു പ്രവർത്തനവും ഉണ്ടാകുന്നില്ല. ഈ രാജ്യത്ത് ബസ്സ് അപകടങ്ങളും കൊലപാതകങ്ങളും അനുദിനം വർദ്ധിച്ചുവരികയാണ്. അതിനെ നിയന്ത്രിക്കാനോ ഒന്നും തന്നെ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് മറുപടിയിൽ നിന്നും തന്നെ വ്യക്തമാണ്. അവർ ഈ സമയം ഉപയോഗിച്ച് ഇവിടെ എന്തെങ്കിലും മറുപടി പറഞ്ഞ് തടിതപ്പുന്നതല്ലാതെ, വെറും കുമ്പസാരമല്ലാതെ യാതൊന്നും നടക്കുന്നില്ല. ആ നിലയിൽ ഇവിടത്തെ ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഇത് കണ്ടും കേട്ടും ഇരിക്കാൻ ആവുന്നില്ല. ഇവിടെ എപ്പോഴും ഒഴിയുന്ന മന്ത്രിക്കസേരകളും നോക്കി അതിന്റെ ആനുകൂല്യങ്ങളും കാത്ത് ഇരിക്കുന്നതല്ലാതെ ജനങ്ങളുടെ ജീവൻ രക്ഷിക്കാനുള്ള യാതൊരു നടപടികളും നടത്തുന്നില്ല. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്നും ഇറങ്ങി പോവുകയാണ്.

(ശ്രീ. റഹിമും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി)

(ബഹളം)

ശ്രീ. പി. പി. വി. മൂസ: സർ, ഇത്രയും ഗുരുതരമായ അക്രമം ഉണ്ടായിട്ടും ഈ കാര്യം ചർച്ച ചെയ്യാൻ സഭ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇന്നത്തെ സഭാനടപടികളിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(ശ്രീ. മൂസയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്നും ഇറങ്ങിപ്പോയി)

III. ശ്രദ്ധക്ഷണിക്കൽ

വിഴിഞ്ഞത്തെ മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, 1978 ഫെബ്രുവരി മാസം 17-ാം തീയതി വിഴിഞ്ഞം കടപ്പുറത്ത് വലിയൊരു തീപിടിത്തം ഉണ്ടായി. നൂറുകണക്കിന് മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകളും കത്തി ചാമ്പലായി. നൂറുകണക്കിന് ഭവനങ്ങളും ഭാഗികമായി നശി